പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2602 | 10.12.2014- ൽ മറുപടിക്ക് |

## സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാര പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം നൽകിവരുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്താക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവയുൾപ്പെടെയുള്ളവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നുള്ള നിർദ്ദേശവും വിദ്യാഭ്യാസ വകുപ്പിന് ഇതിനകം നൽകിയിട്ടുണ്ട്. |
| ബി) | വിതരണം ചെയ്യുന്ന അരിയിലെ പുഴു, പാറ്റ, കീടങ്ങൾ എന്നിവ കാരണവും അവ അശ്രദ്ധമായി പാചകം ചെയ്യുന്നതിന്റെ ഫലമായും കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നുള്ള നിർദ്ദേശവും ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നിർദ്ദേശവും വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന എല്ലാ സ്കൂളുകളും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള രജിസ്ട്രേഷൻ കരസ്ഥമാക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**